# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3405** **08-11-2019 ലെ മറുപടിയ്ക്ക്**

## മരടിലെ ഫ്ലാറ്റുടമകൾക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അൻവർ സാദത്ത്:** | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) സുപ്രീംകോടതി വിധിയെ തുടർന്ന് മരടിലെ അഞ്ച് ഫ്ലാറ്റുകളിൽ നിന്നും ഒഴിഞ്ഞുപോയ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി ഏതുഘട്ടത്തിലാണ്; | (എ) ബഹു. സുപ്രീം കോടതിയുടെ ഉത്തരവിനെ തുടർന്ന് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതിന് ജസ്റ്റീസ് കെ.ബാലകൃഷ്ണൻ നായർ (Rtd) കമ്മിറ്റിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയതിന് നഗരസഭയിൽ ലഭിച്ച 251 ക്ലെയിം പെറ്റീഷനുകൾ ജസ്റ്റീസ്. കെ.ബാലകൃഷ്ണൻ നായർ (Rtd) കമ്മിറ്റി മുമ്പാകെ തുടർ നടപടികൾക്കായി സമർപ്പിച്ചിട്ടുള്ളതാണ്. ടി അപേക്ഷകളിൽ 01/11/2019 വരെ 200 ഫ്ളാറ്റുടമകൾക്ക് 25 ലക്ഷം രൂപ വച്ച് 50 കോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്. |
| (ബി) നഷ്ടപരിഹാരത്തിനായി ഇതിനകം എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും അതിലെത്ര പേർക്ക് നഷ്ടപരിഹാരം നൽകിയെന്നും വ്യക്തമാക്കുമോ; | (ബി) നഷ്ടപരിഹാരത്തിനായി ആകെ 251 അപേക്ഷകളാണ് നഗരസഭയിൽ ലഭിച്ചിട്ടുള്ളത്. ആയതിൽ 200 പേർക്ക് നഷ്ടപരിഹാരം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) നിലവിൽ ഏതെങ്കിലും ഫ്ലാറ്റുകൾക്ക് ഉടമസ്ഥാവകാശം ഇല്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം ഫ്ലാറ്റുകളിൽ നിന്നും മരട് നഗരസഭ വീട്ടുകരം ഈടാക്കിയിരുന്നോ; വ്യക്തമാക്കുമോ; | (സി) നിലവിൽ ഫ്ളാറ്റുടമകൾക്ക് ഉടമസ്ഥാവകാശം ഇല്ലാ എന്ന് കണ്ടെത്തിയിട്ടില്ല. നിർദ്ദിഷ്ട ഫ്ളാറ്റുകളിൽ 84 എണ്ണം ബിൽഡർമാരുടെ ഉടമസ്ഥാവകാശത്തിലാണ് ഉള്ളത് എന്ന് കണ്ടെത്തിയിട്ടുണ്ട്. വീട്ടുകരം സംബന്ധിച്ച് വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. |
| (ഡി) ഫ്ലാറ്റുകൾ രജിസ്റ്റർ ചെയ്യുമ്പോഴുള്ള വില പരിഗണിക്കാതെ എല്ലാവർക്കും ഇടക്കാല നഷ്ടപരിഹാരമായി ഇരുപത്തിയഞ്ച് ലക്ഷം രൂപ നൽകുവാൻ സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ടോ; പ്രസ്തുത തുക ആരിൽ നിന്നും ഈടാക്കുവാനാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ഡി) ഉണ്ട്. പ്രസ്തുത തുക നിർദ്ദിഷ്ട ഫ്ളാറ്റുകളുമായി ബന്ധപ്പെട്ട ബിൽഡർമാർ/പ്രമോട്ടർമാർ/ വ്യക്തികൾ/ ഒഫീഷ്യൽസ് എന്നിവരിൽ നിന്ന് ഈടാക്കുവാനാണ് ബഹു. സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ളത്. |

(ഇ) ഫ്ലാറ്റുകൾ പൊളിക്കുന്നതിന് മരട് മുൻസിപ്പൽ കൗൺസിലിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ?

(ഇ) ഫ്ളാറ്റുകൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭ നാളിതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾക്ക് മരട് നഗരസഭാ കൗൺസിലിന്റെ 17.10.2019 തീയതിയിൽ ചേർന്ന അടിയന്തിര കൗൺസിൽ യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ